സീരിയൽ നമ്പർ	പ്രോജക്ടിന്റെ പേര്	സ്ഥലം	അടങ്കൽ തുക (രൂ. കോടിയിൽ)
1.	പെട്രോ കെമിക്കൽ കോംപ്ലക്സ്	കാസർഗോഡ്	7000
2.	ബാന്റ് വിഡ്ത്ത് ഇൻവെസ്റ്റീവ് പ്രോജക്ട്	എറണാകുളം	1800
3.	ഡിറ്റുബി ഇന്റർനെറ്റ് പ്രോജക്ട്	തിരുവനന്തപുരം	100
4.	ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രോജക്ട്	എറണാകുളം	250
5.	ഇന്റർനെറ്റ് ആന്റ് വിഡ്ത്ത് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്.	എറണാകുളം	100
6.	ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രോജക്ട്	പാലക്കാട്	200
7.	വാരാപ്പുഴ ഫോർലെയിൻ റോഡ്	എറണാകുളം	500
8.	ബ്രിഡ്ജ് പ്രോജക്ട് ഓവർ പെരിയാർ റിവർ	എറണാകുളം	50
9.	ഹൈടെക് ഐ.റ്റി. പാർക്ക്	എറണാകുളം	200
10.	ബയോ ടെക്നോളജി പാർക്ക്	തിരുവനന്തപുരം	450

(ബി) ഒന്നുമുതൽ 5 വരെയുള്ളവ കെ.എസ്.ഐ.ഡി.സി. യും ശേഷമുള്ള കിൻഫ്രയുമാണ്.

(സി) ഈ പദ്ധതികൾ രൂപകല്പന ചെയ്തത് പല വർഷങ്ങളായിട്ടാണ്. വ്യവസായ പ്രമോഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാക്കിയവയാണ് ഈ പദ്ധതികളെല്ലാം. ആയതിനാൽ ഇവയ്ക്കുവേണ്ടി വന്ന ചെലവ് നിർണ്ണയിക്കാനാവില്ല.

(ഡി) പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള ഓഫറുകൾ ഏജൻസികൾക്ക് നേരിട്ടോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ വ്യവസായ വകുപ്പിന് നേരിട്ടോ നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്.

(ഇ) 'എ' യുടെ ഉത്തരം ശ്രദ്ധിച്ചാലും.

ട്രക്ക് നിർമ്മാണ ശാല

138 (1404) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എസ്.എ. ആസ്ഥാനമായുള്ള ഒരു എൻ.ആർ.ഐ. സ്ഥാപനം 1200 കോടി രൂപയുടെ മുതൽ മുടക്കിൽ ഒരു ട്രക്ക് നിർമ്മാണശാല മുൻ മലബാർ പ്രദേശത്ത് സ്ഥാപിക്കുന്നതിനായി മുന്നോട്ടുവന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. യുമായി എന്തെല്ലാം ചർച്ച നടത്തി ;

(സി) ട്രക്ക് നിർമ്മാണശാല സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

ഉത്തരം

(എ) ഉണ്ട്. 1997 സെപ്റ്റംബറിലായിരുന്നു വന്നത്.

(ബി) പ്രാഥമിക ചർച്ചകൾക്കുശേഷം അമേരിക്കയിലെ എംറ്റാം ഇന്റർ നാഷണൽ ഐനി എന്ന കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ശ്രീ. ഉമ്മൻസക്കറിയ മലബാറിൽ ഒരു ആട്ടോ മൊബൈൽ യൂണിറ്റു തുടങ്ങുവാനായി കെ.എസ്.ഐ.സി. യുമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി. അതിന്റെ മുതൽ മുടക്ക് ഏകദേശം 77 മില്യൻ ഡോളറാണ്.

(സി) മഹാരാഷ്ട്ര, ഡൽഹി സംസ്ഥാനങ്ങളിലേക്ക് ബസ് ട്രക്ക് എന്നിവ നൽകുന്നതിനുള്ള ടെൻഡർ ലഭിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ പദ്ധതിയുടെ നടപടികൾ കമ്പനി ആരംഭിച്ചത്. എന്നാൽ പ്രസ്തുത സംസ്ഥാനങ്ങൾ അവരുടെ പരിപാടികളിൽ മാറ്റം വരുത്തിയതിനാൽ കമ്പനിക്ക് ഇത്തരം വാഹനങ്ങളുടെ നിർമ്മാണം ആവശ്യമില്ലാതെ വരുകയും കേരളത്തിലെ പദ്ധതിയിൽനിന്ന് പിന്മാറുകയും ചെയ്തു.

കാസർഗോഡ് പെട്രോ കെമിക്കൽ കോംപ്ലക്സ്

139 (1405) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 7000 കോടി രൂപ മുതൽ മുടക്കിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ ശ്രീകൃഷ്ണാപെട്രോ കെമിക്കൽസുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നുവോ ; എങ്കിൽ എന്ന് ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് അറിയിക്കാമോ ;

(സി) ഈ പദ്ധതി ഇതുവരെ നടക്കാതിരിക്കാൻ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഒമാൻ ആസ്ഥാനമാക്കിയുള്ള പെട്രോ കെം. ഏഷ്യയുമായി കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കാമോ ;

(ഇ) കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് ചന്ദോരിയാനുമായി ചർച്ചകൾ നടത്തിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly